**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3541** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ ഇക്കോ ഷോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും കഴിഞ്ഞ മൂന്ന് മാസക്കാലമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവരം കൃഷി ഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീകൃഷിഭവൻ പരിധിയിൽ 2017-18 വർഷത്തിൽ ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.<br><br>അമ്പലപ്പാറയിലെ ഇക്കോഷോപ്പ് അമ്പലപ്പാറ പഞ്ചായത്ത് ബിൽഡിങ് കോംപ്ലക്സിലാണ് പ്രവർത്തിച്ച് വരുന്നത്. ടി ഇക്കോഷോപ്പിൽ പ്രാദേശികമായി കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിച്ച് വില്പന നടത്തുന്നു. കൂടാതെ പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പ്പാദനോപാധികളും വിൽപ്പന നടത്തി വരുന്നു. ഈ ഇക്കോഷോപ്പിന് കഴിഞ്ഞ 3 മാസമായി ഇരുപത്തി ആറായിരം രൂപയുടെ വിറ്റു വരവുണ്ട്.<br><br>പൂക്കോട്ടുകാവിൽ ഇക്കോഷോപ്പ് നല്ല രീതിയിലാണ് പ്രവർത്തനം ആരംഭിച്ച തെങ്കിലും പൊതുജനശ്രദ്ധ കുറവായ സ്ഥലത്തായതിനാൽ നഷ്ടത്തിലാവുകയും, തുടർന്ന് പ്രവർത്തനം നിലച്ച് പോവുകയുമാണുണ്ടായത്. നടത്തിപ്പ് ചുമതല പുതിയ കമ്മിറ്റിക്ക് നൽകിയും കൂടുതൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലത്തേക്ക് മാറ്റിസ്ഥാപിച്ചും, ഇക്കോഷോപ്പിന്റെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ